(സി) ളാഹ സത്രം പുനരുദ്ധാരണത്തിനായുള്ള നടപടികൾ സ്വീകരിക്കണമെന്ന് റാന്നി എം.എൽ.എ. റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നിർദ്ദേശം നൽകിയിരുന്നു. ഉദ്ദേശം 30 ലക്ഷം രൂപ ചെലവിൽ 100 പേർക്ക് താമസിക്കാവുന്ന ഡോർമിറ്ററി, 10 ടോയിലറ്റ്, 5 മുറികൾ (ഇതിൽ ഒന്ന് എ.സി.), 15000 ലിറ്റർ ശേഷിയുള്ള മഴവെള്ള സംഭരണി (സോളാർ പാനലുകൾ, ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് ഉൾപ്പെടെ) കേരളീയ വാസ്തുശിൽപ്പ മാതൃകയിലുള്ള കെട്ടിടമാണ് പണിയേണ്ടതെന്നും ആർക്കിടെക്ടിന്റെ സേവനം ഉപയോഗിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. ഇതനുസരിച്ച് കൊല്ലത്തുള്ള ശ്രീ. യൂജിൻ പണ്ടാല എന്ന ആർക്കിടെക്ടുമായി റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ളാഹയിൽ പുതിയ കെട്ടിടം നിർമ്മിക്കുന്ന സ്ഥലം പരിശോധിക്കുകയും ആർക്കിടെക്ടിന്റെ നിർദ്ദേശമനുസരിച്ച് ടി സ്ഥലത്തിന്റെ സർവ്വേ ജോലികൾ പൂർത്തീകരിച്ച് ആർക്കിടെക്ടിന് നൽകുകയും ചെയ്തു. എന്നാൽ ടോട്ടൽ സർവ്വേ ചെയ്ത് കോണ്ടൂർലൈനുകൾകൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള പുതുക്കിയ സർവ്വേ സ്കെച്ച് ആവശ്യമാണെന്ന് ആർക്കിടെക്ട് അറിയിച്ചതിൻപ്രകാരം ആയത് ലഭ്യമാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നതായി വനം വകുപ്പ് അറിയിച്ചിട്ടുണ്ട്.

തിരുവിതാംകൂർ ദേവസ്വം ഭൂമി

151(2620) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ഭൂമി അന്യസംസ്ഥാനങ്ങൾക്ക് പാട്ടത്തിന് നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം വ്യവസ്ഥകൾ പ്രകാരമാണ് ഭൂമി കൈമാറ്റം നടത്താൻ തീരുമാനിച്ചിട്ടുള്ളത്?

ഉത്തരം

(എ) ശബരിമല തീർത്ഥാടനത്തിന് എത്തുന്ന അന്യസംസ്ഥാന തീർത്ഥാടകർക്ക് ആവശ്യമായ 'സൗകര്യം' ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ വിശ്രമ കേന്ദ്രങ്ങൾ പണികഴിപ്പിക്കുന്നതിന് നിലയ്ക്കലിൽ സ്ഥലം നൽകുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡ് തീരുമാനമെടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തെലുങ്കാന സർക്കാരുമായി തിരുവിതാംകൂർ ദേവസ്വം ബോർഡ് ഒപ്പിടുന്നതിന് തയ്യാറാക്കിയ ധാരണാപത്രത്തിലെ പ്രധാന വ്യവസ്ഥകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ കാണിക്ക തിട്ടപ്പെടുത്തുന്നതിന് കേന്ദ്രീകൃത മൂല്യനിർണ്ണയ സംവിധാനം

152 (2621) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ കാണിക്ക തിട്ടപ്പെടുത്തുന്നതിന് കേന്ദ്രീകൃത മൂല്യനിർണ്ണയ സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടായിരുന്നോ ;

(ബി) പ്രസ്തുത സംവിധാന പ്രകാരം ഇപ്പോൾ കാണിക്ക തിട്ടപ്പെടുത്തൽ നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) കൊട്ടാരക്കര ദേവസ്വം ഗ്രൂപ്പിനു കീഴിൽ ഏറ്റവും കൂടുതൽ വരുമാനമുള്ള പത്ത് ക്ഷേത്രങ്ങൾ ഏതെല്ലാമാണ്?

ഉത്തരം

(എ&ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ദേവസ്വങ്ങളിലെ ഭരണം കാര്യക്ഷമമാക്കുന്നതിന് ദേവസ്വങ്ങളിലെ കാണിക്ക ജില്ലാ അടിസ്ഥാനത്തിൽ ഓരോ സ്ഥലങ്ങളിലും കേന്ദ്രീകരിച്ച് എണ്ണി തിട്ടപ്പെടുത്തുന്നതിന് സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിരുന്നു. തിരുവനന്തപുരം ഗ്രൂപ്പിൽ പരീക്ഷണാടിസ്ഥാനത്തിലാണ് പ്രസ്തുത സംവിധാനം ഏർപ്പെടുത്തിയത്. തികച്ചും പരീക്ഷണാടിസ്ഥാനത്തിൽ ഏർപ്പെടുത്തിയ കാണിക്ക തിട്ടപ്പെടുത്തൽ സംവിധാനം ഇപ്പോൾ നടക്കുന്നില്ലെന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(സി) കുലശേഖരനല്ലൂർ മണികണ്ഠേശ്വരം ക്ഷേത്രം, പട്ടാഴി ദേവസ്വം ദേവീ ക്ഷേത്രം, കൊട്ടാരക്കര പടിഞ്ഞാറ്റിൻകര മഹാദേവർ ക്ഷേത്രം, പൊലിക്കോട് ശിവക്ഷേത്രം, വെട്ടിക്കവല ശങ്കരനാരായണ ക്ഷേത്രം, അടൂർ പാർത്ഥസാരഥി ക്ഷേത്രം, മണ്ണടി ഭഗവതി ക്ഷേത്രം, പുല്ലാമല മഹാവിഷ്ണു ക്ഷേത്രം, അറുകാലിക്കൽ മഹാദേവ ക്ഷേത്രം, ചടയമംഗലം മഹാദേവ ക്ഷേത്രം.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly